മലപ്പുറം	:	19
കോഴിക്കോട്	:	8
വയനാട്	:	7
കണ്ണൂർ	:	1
കാസർഗോഡ്	:	5
ആകെ		115

ഓരോ ജില്ലയിലും അനുവദിച്ച സ്ഥലം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഹോട്ടലുകളിൽ വിലനിലവാര പട്ടിക

227 (1261) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിൽ ഊണ്, ദോശ, ഇഡ്ഡലി തുടങ്ങിയ സാധാരണ ഭക്ഷണങ്ങൾക്കുപോലും കൂടിയ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹോട്ടലുകളിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ റെയ്ഡുകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കാത്ത എത്ര ഹോട്ടലുകൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ഭക്ഷണപദാർത്ഥങ്ങൾ ഹോട്ടലുകളിൽനിന്നും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഹോട്ടലുകളിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കുവാൻ കർശന നിർദ്ദേശം നൽകുകയും വില പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 2660 ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതിനായുള്ള നിയമ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

നടപ്പാക്കാൻ കഴിയാതിരുന്ന പദ്ധതികൾ

228 (1262) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭക്ഷ്യവകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ കഴിയാതെ പോയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭക്ഷ്യവകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ട, നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികളും അതിനുള്ള കാരണങ്ങളും താഴെ പറയുന്നു :

2011-12

ഖണ്ഡിക-205

തലശ്ശേരി നിലമ്പൂർ, കുത്താട്ടുകുളം, പാല, തിരുവല്ല, കൊല്ലം, കഴക്കൂട്ടം എന്നീ സ്ഥലങ്ങളിൽ അതിനൂതന വ്യാപാര സൗകര്യങ്ങളുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളായ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന പദ്ധതി.

മേൽ പ്രഖ്യാപനത്തിൽ പറഞ്ഞ നിലമ്പൂർ, കുത്താട്ടുകുളം, പാല, കഴക്കൂട്ടം എന്നിവിടങ്ങളിലെ ഹൈപ്പർ മാർക്കറ്റുകൾ സ്ഥലം ലഭ്യമല്ലാത്തതിനാൽ ആരംഭിച്ചിട്ടില്ല. തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റിനുള്ള പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്. തലശ്ശേരി ഹൈപ്പർ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly